**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4662** **19-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ തോടുകളുടെ സംഭരണ ശേഷിയാണ് മണ്ണ് മൂടിക്കിടന്ന് കുറഞ്ഞുപോയതെന്ന് വിശദമാക്കാമോ; | (എ) | **കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന തോടുകൾ ഒന്നും തന്നെയില്ല. കുറ്റ്യാടി ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള കാപ്പുങ്കര തോട്, മണിയൂർ പഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ തോടുകൾ, ചെരണ്ടത്തൂർ ചിറ എൽ.ഐ. സ്കീമിനോടനുബന്ധിച്ച പാടശേഖരത്തിലെ നടുത്തോടുകൾ എന്നിവയിൽ മണ്ണ് മൂടി കിടന്ന് സംഭരണ ശേഷി കുറഞ്ഞു പോയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.** |
| (ബി) | ഇത്തരം തോടുകൾ കണ്ടെത്തുന്നത് ഏത് രേഖകൾ പരിശോധിച്ചാണെന്നും ഇവയുടെ വിശദാംശം മൈനർ ഇറിഗേഷൻ വകുപ്പിന്റെ രേഖകളിൽ സൂക്ഷിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | ഇത്തരം തോടുകൾ ജലസംഭരണ യോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നത് വിശദമാക്കാമോ; | (സി) | **കുറ്റ്യാടി ഗ്രാമ പഞ്ചായത്തിലെ കാപ്പുങ്കര തോട്, മണിയൂർ പഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ തോടുകൾ, ചെരണ്ടത്തൂർ ചിറ എൽ.ഐ. സ്കീമിനോടനുബന്ധിച്ച പാടശേഖരത്തിലെ നടുത്തോടുകൾ എന്നിവയിൽ Emergency Monsoon Preparedness ൽ ഉൾപ്പെടുത്തി ചെളി നീക്കം ചെയ്തിട്ടുണ്ട്.** |
| (ഡി) | കുടിവെള്ള ലഭ്യത കുറയുന്ന സാഹചര്യത്തിൽ ഇത്തരം തോടുകൾ നികത്തപ്പെടാതെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | **തോടുകൾ നികത്തപ്പെടാതെ സംരക്ഷിക്കപ്പെടേണ്ടത് പഞ്ചായത്ത്, റവന്യൂ വകുപ്പുകളുടെ ഏകോപനത്തിൽ നടപ്പിലാക്കേണ്ട വിഷയമാണ്.** |

സെക്ഷൻ ഓഫീസർ